3404

Register Number | | | | | | |

## Language — MALAYALAM — Paper I

( Poetry and Prose )

Time Allowed : $2\frac{1}{2}$ Hours ]                [ Maximum Marks :100

I. ഏതെങ്കിലും മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക : $3 \times 5 = 15$

1. താതകാര്യമനാജ്ഞപ്തമെന്നാകിലും
മോദേന ചെയ്യുന്ന നന്ദനനുത്തമൻ
പിതോ നിയുക്ത നായിട്ടുചെയ്യുന്നവൻ
മദ്ധ്യമനായുള്ള പുത്രനറിഞ്ഞാലും.

2. ധ്യാനശീലനവനങ്ങധിത്യകാ
സ്ഥാനമാർന്നു തടശോഭ നോക്കിനാൻ
വാനിൽ നിന്നു നിജനീഡമാർന്നെഴും
കാനനം ഖഗയുവാവു പോലവേ.

3. വെളിംപ്രദേശത്തിൻ നടുക്കൊരേടത്തു
തളർന്ന തൈമുല്ലക്കൊടി കിടക്കുന്നു
എരിഞ്ഞ വെയിലേറ്റു വരണ്ടു, നിസ്വയാ -
മൊരമ്മതൻ മാറിലിളം കിടാവുപോൽ.

4. ശാന്തമായ് നാടിൻ പുരോഗതി കാണ്മുവാൻ
ക്രാന്തദർശിത്വം വളർത്തണേ, നിങ്ങളും !
തെല്ലുമുൻകൂട്ടിയക്കാര്യം പറയുന്ന
പുല്ലാം കുഴലിനോടെന്തിനീ നീരസം.

5. ആഴിയലമാലകളിൽ തത്തിയുലഞ്ഞാടി
കോഴിക്കോട്ടു വന്നടുത്തിതന്നൊരു പായ്ക്കപ്പൽ
ഗാമയുമനുചരരും കാലുകുത്തീ മണ്ണിൽ
ക്ഷേമലക്ഷ്മിക്കക്ഷണം കരടുപോയി കണ്ണിൽ.

[ Turn over

II. എട്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മൂന്നോ നാലോ വരിയിൽ കവിയരുത് : $8 \times 2 = 16$

6. ഇന്നത്തെ കുട്ടികൾ ഓണാഘോഷത്തോട് പ്രതികരിക്കുന്നത് എങ്ങനെ ?
7. വീണ വിൽക്കുന്ന വൃദ്ധനെ കവി അവതരിപ്പിക്കുന്നത് എങ്ങനെ ?
8. ഭിഷഗ്വരൻ കവിയോട് എന്താണ് പറഞ്ഞത് ?
9. വിഡ്ഢിത്തം കാണിച്ചുവെന്ന് തെങ്ങുകൾക്ക് എപ്പോഴാണ് തോന്നിയത് ?
10. രാജാവ് രഥം നിർത്താൻ പറഞ്ഞത് എപ്പോൾ ?
11. പൂന്താനവും മേല്പത്തൂരും തമ്മിലുണ്ടായ സംഭാഷണം സംഗ്രഹിക്കുക ?
12. യമി ഭാഗ്യവാനെന്നു പറയാൻ കാരണമെന്ത് ?
13. ദശരഥന്റെ ദുഃഖത്തിന് കൈകേയി പറയുന്ന കാരണമെന്ത് ?
14. കേരളത്തിന്റെ ഐശ്വര്യത്തെക്കുറിച്ച് കല്ലെഴുത്തുകളും ചെപ്പേടുകളും പറയുന്നതെന്ത് ?
15. കുഞ്ഞിന്റെ പ്രാണൻ എപ്പോഴാണ് അമ്മയെ ആശ്ലേഷിച്ചത് ?

III. താഴെ കൊടുത്ത പദ്യഭാഗം പൂരിപ്പിക്കുക : ( ഒന്ന് മാത്രം ) $1 \times 10 = 10$

16. നാനാർത്ഥമായിട്ടു ...................... ഞാനുപേക്ഷിപ്പനറിക നീ.
17. അങ്കണത്തൈമാവിൻ ......................... ക്കുരുന്നേ ! നീ.

IV. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : $1 \times 7 = 7$

18. 'ഭക്തിയും വിഭക്തിയും' എന്ന കവിതയിലെ ഉള്ളടക്കം സ്വന്തം വാക്യത്തിൽ വിവരിക്കുക.
19. 'ഹൈമവതഭൂവിലെ യുവയോഗി' എന്ന പദ്യഭാഗത്തിന് ഒരു ആസ്വാദനമെഴുതുക.
20. കവിയുടെ കാലടികൾ വിണ്ടുപോയത് എങ്ങനെ ? വിവരിക്കുക.
21. എന്താണ് തെങ്ങുകളുടെ വിഡ്ഢിത്തമായി കവി കാണുന്നത് ?

V. അർത്ഥമെഴുതുക : $10 \times 1 = 10$

22. കാനനം
23. അംബരം

24. അക്ഷി

25. കോകിലം

26. തരസാ

27. രസാലം

28. ദ്രുമം

29. ജിജ്ഞാസ

30. ഗഹ്വരം

31. ആഭ

VI. അഞ്ചെണ്ണത്തിന് മൂന്നോ നാലോ വരിയിൽ ഉത്തരം എഴുതുക : 5 × 2 = 10

32. ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

33. ടാഗോറിനെ സജീവ രാഷ്ട്രീയ പ്രവർത്തകൻ എന്നു പറഞ്ഞത് എന്തു കൊണ്ട് ?

34. പദങ്ങൾ ശരിയായി ഉച്ചരിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി പ്രൊഫ. ഗുപ്തൻ നായർ പറയുന്നതെന്ത് ?

35. ഡോക്ടർ ഷാലർ രേഖപ്പെടുത്തിയ ഏതു കാര്യത്തെക്കുറിച്ചാണ് ലേഖകൻ പറയുന്നത് ?

36. ചാരോട്ടുകൊട്ടാരത്തിന്റെ കിഴക്കേ വരാന്തയിൽ കണ്ട യുവാവിനെ ലേഖകൻ അവതരിപ്പിക്കുന്നത് എങ്ങനെ ?

37. അഹന്തയും നർമ്മബോധവും ചേരുകയില്ല എന്നു ലേഖകൻ വിശദമാക്കുന്നത് എങ്ങനെ ?

38. തുള്ളൽക്കലയുടെ ഉത്പത്തിയെക്കുറിച്ചുള്ള ഐതിഹ്യമെന്ത് ?

VII. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ആറ് വരിയിൽ കവിയരുത് : 3 × 5 = 15

39. ഏതുതരം കൃതികളെയാണ് ലേഖകൻ 'പ്രാരംഭ പരിശ്രമങ്ങൾ' എന്നുവിളിക്കുന്നത് ?

40. രവീന്ദ്രനാഥന്റെ ബാല്യകാല വിദ്യാഭ്യാസത്തെക്കുറിച്ചെഴുതുക.

41. യുനെസ്കോവിന്റെ 'മനുഷ്യനും ജൈവമണ്ഡലവും' എന്ന പദ്ധതിയിലൂടെയുള്ള പ്രവർത്തനം വിവരിക്കുക.

42. ഭ്രാന്തൻ ചാന്നാൻ ബ്രാഹ്മണനേയും ശിഷ്യനേയും രക്ഷിച്ചതെങ്ങനെ ?

43. ലേഖകൻ ഗാന്ധിജിയുടെ നർമ്മബോധം വ്യക്തമാക്കിയിട്ടുള്ളത് എങ്ങനെ ?

VIII. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : 1 × 7 = 7

44. 'പാർത്ഥസാരഥി' എന്ന പാഠത്തെ അടിസ്ഥാനമാക്കി ശ്രീകൃഷ്ണന്റെ തന്ത്രം വ്യക്തമാക്കുക.

45. ടാഗോറിനെ 'ദിവ്യകോകിലം' എന്നു വിളിക്കുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.

46. 'നർമ്മബോധം' എന്ന പാഠത്തിന് ഒരു ഉപന്യാസം തയ്യാറാക്കുക ?

47. 'പ്രതികാരം' എന്ന നാടകത്തെ അടിസ്ഥാനമാക്കി രാമുവിന്റെ സ്വഭാവം വിവരിക്കുക.

IX. വിപരീതപദം എഴുതുക : 5 × 1 = 5

48. ഉത്തമം

49. മിഥ്യ

50. വിഭാജ്യം

51. ശിക്ഷ

52. വിജയം

X. അഞ്ചെണ്ണം വാക്യത്തിൽ പ്രയോഗിക്കുക : 5 × 1 = 5

53. തരണം ചെയ്യുക

54. കൈകാര്യം ചെയ്യുക

55. നിലം പതിക്കുക

56. അകാരണമായി

57. വഴി തെറ്റിക്കുക

58. കൗതുകാവഹം